ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് പ്രഖ്യാപിച്ച രണ്ട് പുതിയ റെയിൽവേ പദ്ധതികൾ ഗതാഗതം, വാണിജ്യം എന്നിവ കൂടുതൽ മെച്ചപ്പെടുത്തുമെന്നും സുസ്ഥിരത വർദ്ധിപ്പിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Two new railway projects announced in the country will further improve connectivity and trade and increase sustainability, says Prime Minister Narendra Modi.**

2. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ¬ ഈ വർഷം അവസാനത്തോടെ പ്രാവർത്തികമാകുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

   **External Affairs Minister S Jaishankar says that the India-European Union Free Trade Agreement is feasible by the end of 2025.**

3. അസംസ്കൃത ഭക്ഷ്യ എണ്ണയുടെ അടിസ്ഥാന കസ്റ്റംസ് തീരുവ 20 ശതമാനത്തിൽ നിന്ന് 10 ശതമാനമായി കുറച്ച് കേന്ദ്ര സർക്കാർ.

   **The central government has reduced the basic customs duty on crude edible oil from 20 percent to 10 percent.**

4. കടൽ പായൽ കൃഷി തീരദേശ ജനതക്ക് മികച്ച വരുമാന മാർഗമെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ.

**Seaweed farming is a good source of income for coastal people, says Union Minister of State for Fisheries George Kurien.**

5. രാജ്യത്തെ ആദ്യത്തെ അന്താരാഷ്ട്ര മത്സ്യബന്ധന സാങ്കേതിക പ്രദർശനത്തിന് ഇന്ന് മുംബൈയിൽ തുടക്കം.

**The country's first international fishing technology exhibition begins in Mumbai today.**

6. എഫ്.ഐ.എച്ച് ഹോക്കി പ്രോ ലീഗിൽ, ഇന്ത്യൻ പുരുഷ ടീം ഇന്ന് അർജന്റീനയെ നേരിടും.

**In the FIH Hockey Pro League, the Indian men's team will face Argentina today.**

&&&&&&&&&&&&&&&&&

## PM – RAILWAY PROJECTS (INTRO)

രാജ്യത്ത് പ്രഖ്യാപിച്ച രണ്ട് പുതിയ റെയിൽവേ പദ്ധതികൾ ഗതാഗതം, വാണിജ്യം എന്നിവ കൂടുതൽ മെച്ചപ്പെടുത്തുമെന്നും സുസ്ഥിരത വർദ്ധിപ്പിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സാമ്പത്തിക കാര്യ മന്ത്രിസഭാ സമിതിയാണ് ഇന്ത്യൻ റെയിൽവേ ശൃംഖലയിൽ 6,405 കോടി രൂപയുടെ നിക്ഷേപം ഉൾക്കൊള്ളുന്ന രണ്ട് മൾട്ടി-ട്രാക്കിംഗ് പദ്ധതികൾക്ക് അംഗീകാരം നൽകിയത്.

വിശദാംശങ്ങളിലേയ്ക്ക്.....

(വോയിസ്)

## PM – RAILWAY PROJECTS (VOICE)

ജാർഖണ്ഡിൽ 133 കിലോമീറ്റർ റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ടതാണ് ആദ്യ പദ്ധതി. കർണാടകയിലെ ബല്ലാരി, ചിത്രദുർഗ ജില്ലകളിലൂടെയും ആന്ധ്രാപ്രദേശിലെ അനന്തപൂർ ജില്ലയിലൂടെയും കടന്നുപോകുന്ന 185 കിലോമീറ്റർ ബല്ലാരി-ചിക്ജാജൂർ റെയിൽവേ പാത ഇരട്ടിപ്പിക്കലാണ് രണ്ടാമത്തെ പദ്ധതി. പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള ശൃംഖലയിൽ ഏകദേശം 318 കിലോമീറ്റർ വർധന വരുത്തും. നിർമാണ സമയത്ത് ഏകദേശം 108 ലക്ഷം മനുഷ്യദിനങ്ങൾക്ക് നേരിട്ടുള്ള തൊഴിൽ സൃഷ്ടിക്കും. സംയോജിത ആസൂത്രണത്തിലൂടെ സാധ്യമാക്കിയ മൾട്ടി-മോഡൽ കണക്റ്റിവിറ്റിക്കായുള്ള പിഎം-ഗതി ശക്തി ദേശീയ മാസ്റ്റർ പ്ലാനിന്റെ ഫലമാണ് ഈ പദ്ധതികൾ.

**ന്യൂസ് ഡെസ്ക് ആകാശവാണി......**

&&&&&&&&&&&&&&&&&

## JAISHANKAR

ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ഈ വർഷം അവസാനത്തോടെ പ്രാവർത്തികമാകുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ഇത് സംബന്ധിച്ച ചർച്ചകളിൽ കാതലായ പുരോഗതിയുണ്ടെന്നും കരാർ പൂർത്തീകരിക്കുന്നതിനായി സമയപരിധി നിശ്ചയിച്ചത് പ്രായോഗികമാണെന്നും ശ്രീ.ജയ്ശങ്കർ വ്യക്തമാക്കി. ബ്രസ്സൽസിൽ നടന്ന ജർമ്മൻ മാർഷൽ ഫണ്ട് ഫോറത്തിൽ സംസാരിക്കവെ, പ്രതിരോധം, സുരക്ഷ, മൊബിലിറ്റി, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ വ്യാപാരത്തിനപ്പുറം ഇരുവശത്തുമുള്ള ബന്ധത്തിന്റെ ശക്തിയും അദ്ദേഹം എടുത്തുപറഞ്ഞു.

&&&&&&&&&&&&&&&&&

## CENTRE-EDIBLE OIL

അസംസ്കൃത ഭക്ഷ്യ എണ്ണയുടെ അടിസ്ഥാന കസ്റ്റംസ് തീരുവ 20 ശതമാനത്തിൽ നിന്ന് 10 ശതമാനമായി കേന്ദ്രം കുറച്ചു. സൺ ഫ്ലവർ ഓയിൽ , സോയാബീൻ, പാം ഓയിൽ എന്നിവയും ഇതിൽ ഉൾപെടും. അസംസ്കൃത എണ്ണയും ശുദ്ധീകരിച്ച ഭക്ഷ്യ എണ്ണയും തമ്മിലുള്ള ഇറക്കുമതി തീരുവ വ്യത്യാസം 8.75 ശതമാനത്തിൽ നിന്ന് 19.25 ശതമാനമായി കുറയ്ക്കാൻ ഇത് കാരണമാകും. ഭക്ഷ്യ എണ്ണകളുടെ വിലകൾ കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് ആശ്വാസം നൽകുന്നതിനും ലക്ഷ്യമിട്ടാണ് നടപടിയെന്ന് ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&

## GEORGE KURIAN

കടൽ പായൽ കൃഷി തീരദേശ ജനതക്ക് മികച്ച വരുമാന മാർഗമെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ. ഇതിലൂടെ തമിഴ്നാട്ടിലെ വനിതാ കർഷക സംഘങ്ങൾക്ക് വരുമാനത്തിൽ ഗണ്യമായ വർധനവുണ്ടായെന്നും മന്ത്രി പറഞ്ഞു. ലക്ഷദ്വീപിലെ കവരത്തിയിൽ C M F R I യുടെ കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിച്ച വിക്സിത് കൃഷി സങ്കൽപ്പ് ക്യാമ്പയിനിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ദ്വീപുവാസികൾക്കിടയിൽ കടൽപായൽ കൃഷി ജനകീയമാക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച C M F R I യെ മന്ത്രി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&

## IFT EXPO 2025

രാജ്യത്തെ ആദ്യത്തെ അന്താരാഷ്ട്ര മത്സ്യബന്ധന സാങ്കേതിക പ്രദർശനം - IFT എക്സ്പോ 2025 ഇന്ന് മുംബൈയിൽ ആരംഭിക്കും. രണ്ട് ദിവസത്തെ പ്രദർശനം മഹാരാഷ്ട്ര തുറമുഖ വികസന മന്ത്രി നിതേഷ് നാരായൺ റാണെ ഉദ്ഘാടനം ചെയ്യും. രാജ്യവ്യാപകമായി

മത്സ്യബന്ധനത്തിലും മത്സ്യക്കൃഷിയിലും സുസ്ഥിര വളർച്ചയെ പിന്തുണയ്ക്കുന്നതിനായി നവീകരണവും സഹകരണവും വളർത്തിയെടുക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&

## DAY AGAINST CHILD LABOUR

ഇന്ന് ലോക ബാലവേല വിരുദ്ധ ദിനം. കുട്ടികൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പൊതു സമൂഹത്തിൽ അവതരിപ്പിക്കുന്നതിനും അവയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനുമാണ് ജൂൺ 12 ലോക ബാലവേല വിരുദ്ധ ദിനമായി ആചരിക്കുന്നത്. ബാലവേല അവസാനിപ്പിക്കുന്നതിനുള്ള പരിഹാര മാർഗങ്ങൾ തേടുന്നതിനും ഈ ദിനം ലക്ഷ്യംവയ്ക്കുന്നു.

***"പുരോഗതി വ്യക്തമാണ്, പക്ഷേ ഇനിയും ചെയ്യാനുണ്ട്: ശ്രമങ്ങൾ വേഗത്തിലാക്കാം"***. എന്നാണ് ഈ വർഷത്തെ ബാലവേല വിരുദ്ധ ദിന പ്രമേയം.

&&&&&&&&&&&&&&&&&

## HOCKEY – FIH PRO LEAGUE

നെതർലാൻഡ്സിൽ നടക്കുന്ന എഫ്.ഐ.എച്ച് ഹോക്കി പ്രോ ലീഗിൽ, ഇന്ത്യൻ പുരുഷ ടീം ഇന്ന് അർജന്റീനയെ നേരിടും. ഇന്ത്യൻ സമയം വൈകുന്നേരം 6:30 നാണ് മത്സരം. 11 മത്സരങ്ങളിൽ നിന്ന് 15 പോയിന്റുകൾ നേടിയ ഇന്ത്യ നിലവിൽ പോയിന്റ് പട്ടികയിൽ നാലാം സ്ഥാനത്താണ്.

&&&&&&&&&&&&&&&&&

## CRICKET – WTC FINAL

ലണ്ടനിലെ ലോർഡ്സിൽ നടക്കുന്ന ഐ.സി.സി ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ, ഒന്നാം ദിവസം കളി

നിർത്തുമ്പോൾ ഓാസ്ട്രേലിയയ്ക്കെതിരെ ദക്ഷിണാഫ്രിക്ക 4 വിക്കറ്റിന് 43 എന്ന നിലയിൽ. ഇന്ന് ദക്ഷിണാഫ്രിക്ക ഇന്നിംഗ്സ് തുടരും. ഒന്നാം ഇന്നിങ്സിൽ നിലവിലെ ചാമ്പ്യന്മാരായ ഓാസ്ട്രേലിയ 212 റൺസിന് പുറത്തായിരുന്നു. മത്സരത്തിൻറെ ദൃക്സാക്ഷി വിവരണം ആകാശവാണി ഹിന്ദിയിലും ഇംഗ്ലീഷിലുമായി പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&&&

## BCCI-APEX COUNCIL MEETING

കിരീട നേട്ടത്തിന് ശേഷമുള്ള ടീമുകളുടെ വിജയാഘോഷങ്ങളുമായി ബന്ധപെട്ട് പുതിയ മാനദണ്ഡങ്ങൾ ചർച്ച ചെയ്യുന്നതിന് ശനിയാഴ്ച ഉന്നത കൗൺസിൽ യോഗം ചേരുമെന്ന് ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് അറിയിച്ചു. ഈ മാസം ആദ്യം ബെംഗളൂരുവിലുണ്ടായ അപകടത്തിന്റെ പശ്ചാത്തലത്തിലാണ് ഈ തീരുമാനം.

&&&&&&&&&&&&&&&&&

## SHIVRAJ - DELHI FARMERS (INTRO)

രാജ്യത്ത് കർഷകർ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും താഴെത്തട്ടിൽ നിന്ന് തന്നെ മനസ്സിലാക്കാൻ വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ സഹായിക്കുമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കാർഷിക മേഖലയുടെ വളർച്ചയ്ക്കായി പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിന് കർഷകരുമായും ശാസ്ത്രജ്ഞരുമായും സർക്കാർ കൂടുതൽ കൂടിക്കാഴ്ചകൾ നടത്തുമെന്ന് അദ്ദേഹം പറഞ്ഞു. ***'വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ'*** പദ്ധതിയുടെ ഭാഗമായി ഡൽഹിയിൽ കർഷകരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ് ഹോൾഡ്)

&&&&&&&&&&&&&&&&&&

## GUJRAT – VIKSIT KRISHI SANKALP ABHIYAN

രാജ്യവ്യാപകമായി നടക്കുന്ന വികസിത് കൃഷി സങ്കൽപ്പ് അഭിയാന്റെ സമാപനത്തോടനുബന്ധിച്ച് ഗുജറാത്തിലെ ബർദോളിയിൽ ഇന്ന് കർഷക സമ്മേളനം നടക്കും. കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാനും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും പരിപാടിയിൽ പങ്കെടുക്കും. കൃഷിയെ സ്വയംപര്യാപ്തമാക്കാൻ ലക്ഷ്യമിട്ട് മെയ് 29 നാണ് രാജ്യത്ത് വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ ആരംഭിച്ചത്.

&&&&&&&&&&&&&&&&&&

## RAIN-KERALA

കേരളത്തിൽ കാലവർഷം സജീവം. അടുത്ത ഒരാഴ്ച വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും കോട്ടയം മുതൽ വയനാട് വരെയുള്ള എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നു മുതൽ മറ്റെന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## NILAMBUR ELECTION

ഉപതിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കേ നിലമ്പൂരിൽ പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. എൽ ഡി എഫ് സ്ഥാനാർഥി എം സ്വരാജ്, യു ഡി എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത്,എൻ ഡി എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർ പഞ്ചായത്തുതല പ്രചാരണം തുടരുന്നു. സ്വതന്ത്ര സ്ഥാനാർഥി പി.വി.അൻവറും പ്രചാരണത്തിൽ സജീവമാണ്. ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

&&&&&&&&&&&&&&&&&

## PM – DELHI BJP

പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിലെ ബി.ജെ.പി എം.പി മാർ, എം.എൽ.എ മാർ, മറ്റ് നേതാക്കൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. ഡൽഹിയിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് യോഗത്തിൽ ചർച്ച നടന്നതായി ശ്രീ.മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്തയും ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## UGC

വിദ്യാർത്ഥികളും സ്ഥാപനങ്ങളും റാഗിംഗ് ഇല്ലായെന്ന് ഉറപ്പാക്കിയുള്ള നിർബന്ധിത ആന്റി റാഗിംഗ് അണ്ടർടേക്കിംഗ് സമർപ്പിക്കണമെന്ന് യു.ജി.സി. നിർദ്ദേശം. 30 ദിവസത്തിനുള്ളിൽ എല്ലാ വിദ്യാർത്ഥികളിൽ നിന്നും ഇത് ഓൺലൈനായി സ്വീകരിക്കണം. ക്യാമ്പസിനുള്ളിൽ റാഗിംഗ് തടയുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് സമഗ്രമായ റിപ്പോർട്ട് നൽകാൻ സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദേശം പാലിക്കാത്ത സ്ഥാപനങ്ങളുടെ ഗ്രാൻറ്, ഫണ്ട്, അംഗീകാരം എന്നിവ പിൻവലിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന് യു.ജി.സി മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&

## CANADA DRUG ARREST

കാനഡയിൽ, വൻ മയക്കുമരുന്ന് മാഫിയയെ പോലീസ് അറസ്റ്റ് ചെയ്തു. ഏഴ് ഇന്തോ-കനേഡിയൻ പൗരന്മാർ ഉൾപ്പെടെ ഒമ്പത് പേരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. ഏകദേശം 300 കോടി

രൂപ വിലമതിക്കുന്ന 479 കിലോഗ്രാം കൊക്കൈൻ ഇവരിൽ നിന്ന് പോലീസ് പിടിച്ചെടുത്തു.

&&&&&&&&&&&&&&&&&

## FINANCE MINISTRY– UPI

യു.പി.ഐ ഇടപാടുകൾക്ക് മർച്ചന്റ് ഡിസ്കൗണ്ട് നിരക്ക് ഈടാക്കുമെന്ന വാർത്ത അടിസ്ഥാനരഹിതവും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് ധനമന്ത്രാലയം അറിയിച്ചു. ഇത്തരം ഊഹാപോഹങ്ങൾ ജനങ്ങളിൽ അനാവശ്യമായ അനിശ്ചിതത്വത്തിനും സംശയത്തിനും കാരണമാകുമെന്നും മന്ത്രാലയം പറഞ്ഞു. യു.പി.ഐ വഴിയുള്ള ഡിജിറ്റൽ പേയ്മെന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പൂർണമായും പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## AYURVEDA –THE DOUBLE HELIX OF LIFE

ആഗോള ആരോഗ്യ സംരക്ഷണത്തെ പരിവർത്തനം ചെയ്യാനുള്ള ആയുർവേദത്തിന്റെ കഴിവുകളെ കാണിക്കുന്ന ***ആയുർവേദ - ദി ഡബിൾ ഹെലിക്സ് ഓഫ് ലൈഫ്*** എന്ന പേരിൽ ഡോക്യുമെന്ററി പ്രദർശനം ഇന്നലെ ന്യൂഡൽഹിയിൽ നടന്നു. കേന്ദ്ര സഹമന്ത്രി പ്രതാപ് റാവു ജാദവ് പ്രദർശനം ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&

## CIVIL SERVICES (PRELIMINARY) EXAMINATION

U P S C 2025 മെയ് 25 ന് നടത്തിയ സിവിൽ സർവീസസ് പ്രിലിമിനറി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സിവിൽ സർവീസസ് മെയിൻ പരീക്ഷയ്ക്ക് യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ പട്ടികയും ഇന്ത്യൻ ഫോറസ്റ്റ് സർവീസ് (മെയിൻ) പരീക്ഷയ്ക്ക് യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ പട്ടികയുമാണ് പ്രസിദ്ധീകരിച്ചത്.

&&&&&&&&&&&&&&&&&&

## NATIONAL SAMPLE SURVEY

ദേശീയ സാമ്പിൾ സർവേയുടെ 75-ാാം വാർഷികാഘോഷത്തിന്റെ ഭാഗമായി കൊച്ചിയിലെ ദേശീയ സ്ഥിതിവിവര ഓഫീസ് മേഖലാ ഉപകേന്ദ്രം കൊച്ചിയിലെ കാക്കനാട് സിവിൽ സ്റ്റേഷനിൽ വൃക്ഷത്തൈ നടീൽ സംഘടിപ്പിച്ചു. എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ് പരിപാടി ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&